ഉത്തരം

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകൾക്ക് പഠിക്കുന്ന ഓരോ വിദ്യാർത്ഥിയിൽ നിന്നും ഓരോ ബ്രാഞ്ചിലും 7150 രൂപ ഫീസായി ഈടാക്കുന്നു.

(ബി) ഒരു വിദ്യാർത്ഥി പഠനം പൂർത്തിയാക്കുമ്പോൾ സർക്കാരിന് ഏകദേശം 22,000 രൂപ ചെലവാകുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കൊല്ലം എസ്.എൻ. കോളേജിന് മുമ്പിലെ പ്രകടനം

30 (1257) ശ്രീ. കെ. സി. വേണുഗോപാൽ :

ശ്രീ. എ. കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജനുവരി 19-ന് എ.ഐ.എസ്.എഫിന്റെ നേതൃത്വത്തിൽ കൊല്ലം എസ്.എൻ. കോളേജിനു മുമ്പിൽ പ്രകടനം നടത്തുകയുണ്ടായോ ; എങ്കിൽ അതിനുള്ള കാരണമെന്ത് ;

(ബി) കൊല്ലം ജില്ലയിലുള്ള കോളേജുകളിൽ എസ്.എഫ്.ഐ.യ്ക്ക് അല്ലാതെ മറ്റു സംഘടനകൾക്ക് പ്രവർത്തനസ്വാതന്ത്ര്യം ഇല്ലാത്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) എല്ലാ കോളേജുകളിലും എല്ലാ വിദ്യാർത്ഥി സംഘടനകൾക്കും പ്രവർത്തിക്കാൻ സ്വാതന്ത്ര്യം ലഭിക്കുമെന്നുറപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം എസ്.എൻ. കോളേജിനു മുന്നിലുള്ള ഹൈവേയിലൂടെ അന്ന് എ.ഐ.എസ്.എഫ്.ന്റേതായി ഒരു പ്രകടനം നടന്നിരുന്നുവെന്നും അത് കോളേജിനു മുന്നിൽ എസ്.എഫ്.ഐ. നടത്തിയിരുന്ന സമരത്തിന് എതിരായിരുന്നു എന്നും അറിയുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) എല്ലാ കോളേജുകളിലും എല്ലാ വിദ്യാർത്ഥി സംഘടനകൾക്കും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഇപ്പോൾ തന്നെയുണ്ട്.

കൊല്ലം എസ്.എൻ. കോളേജിലെ സമരം

31 (1264) ശ്രീ. പി. ജെ. ജോയി :

ശ്രീ. കെ. എ. ചന്ദൻ :

ശ്രീ. കെ. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം എസ്.എൻ. കോളേജിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട നാല് വിദ്യാർത്ഥികൾ കോളേജ് വസ്തുവകകൾക്ക് എന്തെല്ലാം നാശനഷ്ടമുണ്ടാക്കി ;

(ബി) എങ്കിൽ എന്തു തുകയുടെ നഷ്ടമുണ്ടാക്കി ;

LIBRARY ARCHIVES Kerala Legislative Assembly